**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 806 **25.01.2018** -ലെ മറുപടിക്ക്

<u>ഭവനരഹിതരായ പട്ടിക ജാതി കുടുംബങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. അടൂർ പ്രകാശ്** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെ വളരെയധികം പണം ചെലവഴിച്ചിട്ടും സംസ്ഥാനത്ത് ഇപ്പോഴും ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | മുൻകാലങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി ഭവനരഹിത കുടുംബങ്ങൾക്കും വീട് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഭവനരഹിത പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. എന്നാൽ ഈ പ്രശ്നം പരിഹരിക്കാനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലൈഫ് പദ്ധതി പ്രഖ്യാപിക്കുകയും, അതിലൂടെ ഭവനരഹിത കുടുംബങ്ങളുടെ പ്രശ്നം പരിഹരിക്കാനും ശ്രമിച്ച് വരുന്നു. |
| (ബി) | പട്ടിക ജാതി കുടുംബങ്ങൾക്കെല്ലാം വാസയോഗ്യവും അടച്ചുറപ്പുള്ളതുമായ വീട് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | സംസ്ഥാനത്തെ ഭവനരഹിതരായ സ്വന്തമായി ഭൂമിയുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. പ്രസ്തുത തുക നിശ്ചിത 4 ഗഡുക്കളായി (15%, 30%, 40%, 15%) ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. ഈ സർക്കാർ വന്നശേഷം 2016-17-ൽ 15000 വീടുകളും 2017-18 വർഷം 7000 പുതിയ വീടുകളും നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ച് നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 വർഷം വരെ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന 25773 വീടുകളിൽ 6738 വീടുകളും നടപ്പുവർഷം പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പട്ടിക ജാതി വിഭാഗങ്ങൾക്ക് വീട് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടതിയാണോ എന്ന് വ്യക്തമാക്കാമോ ; | സി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം 2015-16 വർഷം വരെ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ ഇതിന്പുറമെ 2017-18 വർഷം വകുപ്പ് മുഖേന 7000 പുതിയ വീടുകൾ നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ചു നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ 5248 പേർക്ക് ഒന്നാം ഗഡുവും 764 പേർക്ക് രണ്ടാം ഗഡുവും 59 പേർക്ക് മൂന്നാം ഗഡുവും നൽകിയിട്ടുണ്ട്. 7 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | പട്ടിക ജാതി വിഭാഗങ്ങളുടെ വാസയോഗ്യമല്ലാത്ത വീടുകൾ നന്നാക്കുന്നതിന് അനുവദിക്കുന്ന തുക വളരെ കുറവായതിനാൽ അത് കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പട്ടികജാതി വിഭാഗങ്ങളുടെ വീടുകളുടെ നവീകരണത്തിനായി ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി പ്രകാരം നല്കി വന്നിരുന്ന 50,000/- രൂപ ധനസഹായം 1,00,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ